"ഭരണഭാഷ – മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് – ജീവനക്കാര്യം – ഇടുക്കി ജില്ലയിലെ കുമിളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.എൽ.ധർമ്മപാലൻ-ന്റെ സസ്പെൻഷൻ കാലയളവ് ക്രമീകരിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി)വകുപ്പ്**

സ.ഉ.(സാധാ) നം.1261/2025/LSGD തീയതി, തിരുവനന്തപുരം, 23-05-2025

---

പരാമർശം:–
1. പഞ്ചായത്ത് ഡയറക്ടറുടെ 03.09.2002 ലെ ഡി-5 14148/02 നമ്പർ ഉത്തരവ്.
2. സ.ഉ.(സാധാ) നം. 74/2003/തസ്വഭവ തീയതി, 04.01.2003
3. പഞ്ചായത്ത് ഡയറക്ടറുടെ 25.06.2003-ലെ D5 14148/02 നമ്പർ ഉത്തരവ്
4. സ.ഉ.(സാധാ)നം. 3461/2003/തസ്വഭവ. തീയതി, 01.10.2003
5. VC 06/2008/IDK കേസിന്മേൽ ബഹു: മൂവാറ്റുപുഴ വിജിലൻസ് കോടതിയുടെ 05.12.2023 – ലെ ഉത്തരവ്.
6. ശ്രീ.എൽ.ധർമ്മപാലന്റെ 13.05.2024 ലെ അപേക്ഷ.
7. പ്രിൻസിപ്പൽ ഡയറക്ടറുടെ 09.03.2025 ലെ LSGD/PD/10303/2023-VIGB3 നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ കുമളി ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.എൽ ധർമ്മപാലനെ 1998-99, 1999-2000 സാമ്പത്തിക വർഷങ്ങളിലെ പദ്ധതി നടത്തിപ്പിൽ ഗുരുതരമായ ക്രമക്കേടുകളുണ്ടായതായുള്ള ഇടുക്കി പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്യുകയും, തുടർന്ന് പരാമർശം (2) പ്രകാരം അച്ചടക്ക നടപടിക്ക് വിഘാതമാകാത്ത വിധത്തിൽ ടിയാളെ സേവനത്തിൽ പുനഃപ്രവേശിപ്പിക്കുകയും ചെയ്തിരുന്നു. മേൽ പരാമർശ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ശ്രീ.എൽ ധർമ്മപാലനെതിരെ വിജിലൻസ് അന്വേഷണത്തിന് ഉത്തരവായതിനെ തുടർന്ന് സർക്കാർ നിർദ്ദേശ പ്രകാരം പഞ്ചായത്ത് ഡയറക്ടർ ടിയാളെ പരാമർശം (4) പ്രകാരം വീണ്ടും സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്യുകയും തുടർന്ന് പരാമർശം (5) പ്രകാരം സേവനത്തിൽ

പുനഃപ്രവേശിപ്പിക്കുകയും ചെയ്തിരുന്നു.

2. മേൽ പരാമർശ വിഷയവുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണത്തിന്റെ ഭാഗമായി ആരോപണ വിധേയരായവർക്കെതിരെ രജിസ്റ്റർ ചെയ്തിരുന്ന **VC 6/2008/IDK** നമ്പരായുള്ള വിജിലൻസ് കേസിൽ പ്രോസിക്യൂഷന് ശിപാർശ ചെയ്തിരുന്നെങ്കിലും തുടരന്വേഷണത്തിൽ പ്രൊസിക്യൂഷൻ നടപടികൾ തുടരാൻ തക്കതായ കാരണങ്ങളില്ലെന്ന് കണ്ട് ആരോപണ വിധേയരായ ജീവനക്കാർക്കെതിരെ പ്രോസിക്യൂഷൻ ആവശ്യമില്ലെന്നും പ്രസ്തുത ജീവനക്കാരിൽ നിന്ന് സാമ്പത്തിക നഷ്ടം ഈടാക്കാവുന്നതാണെന്ന് വിജിലൻസ് **&** ആന്റി കറപ്ഷൻ ബ്യൂറോ ശിപാർശ ചെയ്യുകയും, വി.സി **06/2008/IDK** കേസിന്മേൽ തുടർനടപടികളൊന്നും ശിപാർശ ചെയ്യാതെ **Further action dropped** ആയി അന്തിമ റിപ്പോർട്ട് മൂവാറ്റുപുഴ വിജിലൻസ് കോടതി മുമ്പാകെ **30/09/2020** ന് സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് അംഗീകരിച്ച് പരാമർശം **(5)** പ്രകാരം ബഹു.മൂവാറ്റുപുഴ വിജിലൻസ് കോടതി വി.സി **06/2008/IDK** നമ്പർ വിജിലൻസ് കേസ് തീർപ്പാക്കിയിരുന്നു. പ്രസ്തുത സാഹചര്യത്തിൽ തന്റെ സസ്പെൻഷൻ കാലയളവ് ക്രമീകരിക്കുന്നതിന് പരാമർശം **(6)** പ്രകാരം ശ്രീ.എൽ.ധർമ്മപാലൻ സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

3. വിജിലൻസ് **&** ആന്റി കറപ്ഷൻ ബ്യുറോ – യുടെ ശിപാർശ പ്രകാരം ശ്രീ.എൽ.ധർമ്മപാലൻ ഉൾപ്പെടുന്ന ആരോപണ വിധേയരുടെ ക്രമക്കേടായി കണ്ടെത്തിയ സാമ്പത്തിക ബാധ്യത ടിയാളുകൾ കുമളി ഗ്രാമ പഞ്ചായത്തിൽ ഒടുക്കു വരുത്തിയിട്ടുള്ളതായി പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം **(7)** പ്രകാരം റിപ്പോർട്ട് ചെയ്യുകയും ശ്രീ. ധർമ്മപാലന്റെ സസ്പെൻഷൻ കാലയളവ് ക്രമപ്പെടുത്തുന്നതിന് ശിപാർശ ചെയ്യുകയും ചെയ്തിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അച്ചടക്ക നടപടിക്ക് വിഘാതമാകാതെയാണ് ശ്രീ. എൽ. ധർമ്മപാലനെ **03.9.2022, 25.06.2003** തീയതികളിലെ സസ്പെൻഷനെ തുടർന്ന് സേവനത്തിൽ പുനഃപ്രവേശിപ്പിച്ചിരുന്നത് എന്നതും, സസ്പെൻഷനുകളുമായി ബന്ധപ്പെട്ട് ടിയാൾക്ക് സർക്കാർ തലത്തിലോ വകുപ്പുതലത്തിലോ ചാർജ്ജ് മെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിച്ചിട്ടില്ല എന്നതും, ശ്രീ.എൽ.ധർമ്മപാലൻ ഉൾപ്പെടുന്ന ആരോപണ വിധേയരുടെ ക്രമക്കേടായി കണ്ടെത്തിയ സാമ്പത്തിക ബാധ്യത ടിയാളുകൾ കുമളി ഗ്രാമ പഞ്ചായത്തിൽ ഒടുക്കു വരുത്തിയിട്ടുള്ളതായി പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നതും പരിഗണിച്ച്, സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ള ശ്രീ.എൽ.ധർമ്മപാലന്റെ **03.09.2002** മുതൽ **03.01.2003** വരേയും **25.06.2003** മുതൽ **30.09.2003** വരെയുമുള്ള സസ്പെൻഷൻ കാലയളവുകൾ ടി കാലയളവിലെ ശമ്പളവും ബത്തകളും ടിയാൻ ടി കാലയളവുകളിൽ കൈപ്പറ്റിയ ഉപജീവന ബത്തയിൽ നിജപ്പെടുത്തി എല്ലാ ആവശ്യത്തിനും ഡ്യൂട്ടിയായും, **04-01-2003, 01-10-2003** എന്നീ തീയതികൾ മുതൽ തിരികെ ജോലിയിൽ പ്രവേശിച്ചത് വരെയുള്ള ഇടവേളകൾ **KSR-s Part 1 Rule-56B(9) Note-2** പ്രകാരം പ്രവേശന കാലമായോ അർഹമായതും അനുവദനീയവുമായ അവധിയായോ ഇവ രണ്ടുമായോ

ക്രമീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതു സംബന്ധിച്ച് പ്രിൻസിപ്പൽ ഡയറക്ടർ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
3. ശ്രീ. എൽ. ധർമ്മപാലൻ, മുൻ സെക്രട്ടറി, കുമിളി ഗ്രാമപഞ്ചായത്ത്, ഇടുക്കി. *(പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം മുഖേന)*
4. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, ഇടുക്കി.
5. ധനകാര്യ വകുപ്പ് (30/12/2024 ലെ e-843966/ഡെവ-1/77/2018-ധന നമ്പർ ഫയൽ കുറിപ്പ് പ്രകാരം)
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/162/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Riju M Das
Date: 23-05-2025 10:03:47
സെക്ഷൻ ഓഫീസർ